യുള്ള ഒരു പരാതിയുമുണ്ടായിരുന്നു. എനിക്ക് അതിനെപ്പറ്റി ഒരഭിപ്രായം പറയാൻ സാധ്യമല്ല. ഏതായാലും പോലീസിൽ ഇങ്ങനെയുള്ള ഭീഷണിയുണ്ടെന്നു മുന്നറിവുകൊടുത്താൽ വളരെ കാര്യക്ഷമമായിട്ടും ജാഗ്രതയോടുകൂടിയും ഇത്തരം കാര്യങ്ങളിൽ ഇടപെടണമെന്നുള്ള നിർദ്ദേശം ഗവൺമെൻറ് നിരന്തരമായി പോലീസ് സേനയ്ക്ക് നൽകിക്കൊണ്ടിരിക്കുന്നുണ്ട്.

ശ്രീ. സി. എ. കുര്യൻ: എല്ലാ കൊലപാതകങ്ങളും ക്രൈംബ്രാഞ്ച് അന്വേഷിച്ചുകൊണ്ടിരുന്നതാണ്. എന്നാൽ കുറച്ചുനാളായി ലോക്കൽ പോലീസിനെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ എന്താണു കാരണം? ഗവൺമെൻറോ മേലുദ്യോഗസ്ഥൻമാരോ നിശ്ചയിക്കുന്ന കേസ്സുകൾമാത്രം ക്രൈംബ്രാഞ്ച് കൈകാര്യം ചെയ്താൽ മതി എന്നു നിർദ്ദേശിക്കുവാൻ എന്താണു കാരണം?

ശ്രീ. പി. കെ. വാസുദേവൻ നായർ: ബഹുമാനപ്പെട്ട മെമ്പറുടെ അറിവു എത്ര ശരിയാണെന്നു എനിക്കറിഞ്ഞുകൂടാ. പ്രധാനപ്പെട്ട കൊലപാതകങ്ങളെല്ലാംതന്നെ ക്രൈംബ്രാഞ്ചിനു റഫർ ചെയ്യുകയാണ്. ഇതിനു പുറമെ ജില്ലകളിൽ ക്രൈം അറ്റാച്ചുമെൻറുകൾ ഉണ്ട്. അവരും ഈ കേസ്സുകൾ നോക്കുന്നുണ്ട്. ക്രൈംബ്രാഞ്ചിലേയ്ക്കു റഫർ ചെയ്യുന്ന കേസ്സുകളാണ് അവർ ചെയ്യുന്നത്. പ്രധാനപ്പെട്ട കേസ്സുകളെല്ലാംതന്നെ റഫർ ചെയ്യുന്നുമുണ്ട്.

ശ്രീ. പി. ശങ്കർ: പോലീസ് ചാർജ്ജുചെയ്തു കോടതിയിലെത്തുന്ന പല കേസ്സുകളിലും സാങ്കേതികമായി ചാർജ്ജുചെയ്യുന്നതിലുള്ള പോരായ്മകളുണ്ട്. കോടതിയിൽ ഗവൺമെൻറിനുവേണ്ടി ആ കേസ് തെളിയിക്കുവാൻ മറ്റു നടപടികളെടുക്കുന്ന അവസരത്തിൽ ഇന്നു പോലീസ് ഡിപ്പാർട്ടുമെൻറിൽ കാണുന്ന പോരായ്മകൾ പരിഹരിക്കുവാൻ നടപടിയെടുക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, ഇതിനെസംബന്ധിച്ച് ബഹുമാനപ്പെട്ട മറ്റൊരു മെമ്പറുടെ ചോദ്യത്തിനു മറുപടി പറഞ്ഞു. ഈ സംവിധാനം കുറേക്കൂടി മെച്ചപ്പെടുത്തേണ്ട ആവശ്യമുണ്ടെന്നുള്ളതു ശരിയാണ്. ചില പ്രധാനപ്പെട്ട കേസ്സുകളിൽ തെളിയാതെയും ശിക്ഷിക്കപ്പെടാതെയും വിട്ടുപോകുന്നതുകൊണ്ട് ഇതു ആവശ്യമാണ്.

വിദ്യാഭ്യാസവകുപ്പിൻെറ പുനഃസംഘടന

2 [4] ശ്രീ. പി. കെ. ശ്രീനിവാസൻ:

,, വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൻെറ പുനഃസംഘടനയുമായി ബന്ധപ്പെട്ട് ഗവൺമെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം?

തദ്ദേശസ്വയംഭരണ മന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ) ഉണ്ട്.

(ബി) 1. ജില്ലാവിദ്യാഭ്യാസ ഓഫീസർമാരെ നേരിട്ടു നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

2. റീജിയണൽ വിദ്യാഭ്യാസ ഡയറക്ടർ ഓഫീസുകളും നിർത്തലാക്കുവാനും പകരം ജില്ലാതലത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർമാരുടെ ഓഫീസുകൾ സ്ഥാപിക്കുവാനും ഉത്തരവ് കൊടുത്തിട്ടുണ്ട്.

3. വിദ്യാഭ്യാസഡയറക്ടർ ഓഫീസിൽ സീനിയർ തസ്തിക അനുവദിച്ചു.

4. 414 എൽ.ഡി.സി., യു.ഡി.സി. തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. ശ്രീനിവാസൻ: പുന:സംഘടനയുടെ പ്രശ്നം വരുമ്പോൾ അഡ്മിനിസ്ട്രേറ്റീവ് വിംഗും ഇൻസ്പെക്ഷൻ വിംഗും രണ്ടായി തരംതിരിക്കുന്നത് ഈ ഡിപ്പാർട്ടുമെന്റ് കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുവാൻ ആവശ്യമാണെന്നുള്ള നിഗമനം നേരത്തേയുണ്ടായിരുന്നു. ഇതിനെ സംബന്ധിച്ച് എന്തെല്ലാം നടപടികൾ ഗവൺമെന്റ് എടുത്തു എന്നറിഞ്ഞാൽകൊള്ളാം.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ആ തീരുമാനം നടപ്പിലാക്കാനുള്ള വ്യവസ്ഥ ഉണ്ടാക്കാൻവേണ്ടിയാണ് ഈ റീ ഓർഗനൈസേഷൻ കൊണ്ടുദ്ദേശിക്കുന്നത്. ഈ സ്ഥാപനങ്ങളെല്ലാം നിലവിൽ വന്നുകഴിഞ്ഞാൽ പ്രത്യേകമായി സ്റ്റാഫിന്റെ പ്രവർത്തനങ്ങളെന്തെല്ലാമാണെന്നും ശരിയായ നിർദ്ദേശങ്ങൾ ഗവൺമെന്റ് നൽകുന്നതായിരിക്കും. അതിനുള്ള വ്യവസ്ഥാപിതമായ മാർഗ്ഗം ഗവൺമെന്റ് അവലംബിക്കും.

ശ്രീ. പി. കെ. ശ്രീനിവാസൻ: ആർ.ഡി.ഡി. ഓഫീസുകൾ എന്നേക്ക് നിർത്താൻ കഴിയുമെന്നും ജില്ലാടിസ്ഥാനത്തിലുള്ള ഡെ. ഡയറക്ടർമാരുടെ ഓഫീസ് എന്ന് തുടങ്ങാൻ കഴിയുമെന്നും തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ജില്ലാതലത്തിലുള്ള ഓഫീസുകൾ തുടങ്ങുന്നതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു. എന്നേക്ക് തുടങ്ങാൻ കഴിയുമെന്ന് കൃത്യമായി പറയാൻ കഴിയുകയില്ല. ആവശ്യമായ കെട്ടിടങ്ങൾ കിട്ടണം, അതിനുള്ള അന്വേഷണങ്ങൾ നടന്നുവരികയാണ്. മൂന്നു ജില്ലകളിൽമാത്രമേ കെട്ടിടങ്ങളുള്ളൂ. അവിടെ ഉടനെതന്നെ നടപ്പിലാക്കും. മറ്റു ജില്ലകളിൽ അതിനുള്ള അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. കെ. രാജൻ: പുതുതായി ഡി. ഇ. ഒ., എ. ഇ. ഒ. ഓഫീസുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ഈ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞതിനു ശേഷം ഇന്നുള്ളതിനെക്കാൾ അൽപ്പം കൂടുതലായി ഡി. ഇ. ഒ. ഓഫീസുകൾ വന്നിട്ടുണ്ട്. എ. ഇ. ഒ. ഓഫീസുകളുടെ പുന:സംഘടന അൽപ്പം സാമ്പത്തിക ബാധ്യത കൂടുതൽ ഉള്ളതിനാൽ തൽക്കാലം എടുത്തിട്ടില്ല. ക്രമേണ അതും എടുക്കുന്നതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഡിസ്ട്രിക്ട് ലവലിൽ ഓഫീസറൻമാരെ നിയമിക്കുന്നു എന്നു പത്രങ്ങളിൽ കണ്ടു. ആർ. ഡി. ഡി. ഓഫീസറൻമാരുടെ അധികാരങ്ങൾ മുഴുവൻ പുതുതായി നിയമിക്കുന്ന ഡിസ്ട്രിക്ട് ഓഫീസറൻമാർക്കുണ്ടോ; അതോ ആർ. ഡി. ഡി. യുടെ അധികാരങ്ങൾ ഡയറക്ടർക്കാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ആർ. ഡി. ഡി. യുടെ അധികാരങ്ങൾ ഡിസ്ട്രിക്ട് ഓഫീസർമാർക്കുണ്ടാകും.

ശ്രീ. പി. ബി. ആർ. പിള്ള: ജില്ലാതലത്തിൽ ഓഫീസർമാർ വന്നതു കൊണ്ടോ എ. ഇ. ഒ. ഓഫീസുകൾ ഇന്നത്തെ നിലയിൽ നിർത്തിയതു കൊണ്ടോ പുനഃസംഘടന ഉണ്ടാകുന്നതുകൊണ്ടോ വിദ്യാഭ്യാസ സമ്പ്രദായത്തിൽ കാതലായ മാറ്റമുണ്ടാകുമെന്ന് വിശ്വസിക്കുന്നുണ്ടോ: വിദ്യാഭ്യാസം മെച്ചപ്പെടുത്താൻവേണ്ടി ഇന്നത്തെ സംവിധാനത്തെ രണ്ടായി തിരിച്ച് വിദ്യാഭ്യാസത്തിനുമാത്രമായുള്ള സംവിധാനവും ഭരണപരമായ സംവിധാനവും എന്ന രൂപത്തിൽ ഭാഗിച്ച് പുനഃസംഘടനക്ക് തയ്യാറാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ഇപ്പോഴുള്ള റീ ഓർഗനൈസേഷൻ പ്രകാരം കാലക്രമേണ ഇത് ശരിയാക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. പി. സി. ജോസഫ്: വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ ഫയലുകൾക്ക് കാലതാമസം ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് ഒരു ഫയൽ ആരംഭിച്ചു കഴിഞ്ഞാൽ ഇത്രകാലത്തിനുള്ളിൽ തീർപ്പുകൽപ്പിക്കണമെന്ന് വ്യക്തമായ നിർദ്ദേശം നൽകുമോ? രണ്ടു വർഷത്തിൽ കൂടുതലായ ഫയലുകളുടെ കാര്യം ശ്രദ്ധയിൽപ്പെടുത്തിയാൽ പെട്ടെന്ന് തീരുമാനമെടുക്കുവാനുള്ള നിർദ്ദേശം കൊടുക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ഫയലിന് ഇത്ര കാലാവധി എന്ന് വയ്ക്കാൻ സാധ്യമല്ല. പല ഫയലും പലമാതിരി ആയിരിക്കും.

ശ്രീ. കെ. സി. വാമദേവൻ: വിദ്യാഭ്യാസവകുപ്പിനെ സംബന്ധിച്ച് പറയുമ്പോൾ പ്രൈമറി വിദ്യാഭ്യാസത്തിനുവേണ്ടി ഒരു പ്രത്യേക ഡയറക്ടറേറ്റിനെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ടായിരുന്നു. അതുവളരെ അത്യാവശ്യമായ കാര്യമാണ്. ഇതിനെ സംബന്ധിച്ച് പര്യാലോചിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: അതിനെസംബന്ധിച്ച് ഇപ്പോൾ തീരുമാനമായിട്ടില്ല.

ശ്രീ. കെ. സുകുമാരനുണ്ണി: വിദ്യാഭ്യാസ പുനഃസംഘടനയെന്നു പറഞ്ഞാൽ മൂന്ന് ആർ. ഡി. ഡി. ഓഫീസുകൾക്കുപകരം 11 ഡിസ്ട്രിക്ട് ഹെഡ്ക്വാർട്ടേഴ്സ് ഓഫീസുകളുടെ സ്ഥാനം ഉയർത്തുക മാത്രമാണോ? എ. കെ. നാരായണൻ നമ്പ്യാർ നിർദ്ദേശിച്ച ശുപാർശകൾ മുഴുവൻ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; അതോ ഭാഗികമായി നടപ്പാക്കാനാണോ ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: നമ്പ്യാരുടെ റക്കമെൻഡേഷനുകൾ ക്രമേണ ക്രമേണ ഓരോന്നോരോന്നായി നടപ്പാക്കിവരികയാണ്. അതിന്റെ ഭാഗമായിട്ടാണ് ആർ. ഡി. ഡി. ഓഫീസുകൾ നിറുത്തലാക്കുകയും അതിനു പകരം ജില്ലാതലത്തിൽ ഓഫീസ് തുടങ്ങാൻ തീരുമാനിക്കുകയും ചെയ്തത്.

ശ്രീ. ഒ. ലൂക്കോസ്: വിദ്യാഭ്യാസവകുപ്പ് പുനഃസംഘടിപ്പിക്കുമ്പോൾ എറണാകുളത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കോളേജ് അധ്യാപകർക്ക് വളരെ അധികം ഉപദ്രവം ചെയ്യുന്ന ഡെപ്യൂട്ടി ഡയറക്ടറാഫീസ് നിറുത്തലാക്കാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ശരിയായ ഒരു മറുപടി എനിക്ക് പറയാൻ പ്രയാസമുണ്ട്.

ശ്രീ. സേവ്യർ അറയ്ക്കൽ: വിദ്യാഭ്യാസ പുനഃസംഘടന നടത്തുമ്പോഴും 1961-ലെ സ്റ്റാഫ് പാറ്റേൺ മാറ്റംവരുത്തി കാലത്തിനനുസരണമായി 1979-നു ചേർന്ന വിധത്തിലുള്ള സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: സ്റ്റാഫ് പാറ്റേൺ മാറ്റാൻ തീരുമാനമെടുത്തിട്ടുണ്ട്. എ. ഇ. ഒ. ഓഫീസുകളിലെ സ്റ്റാഫ് വർദ്ധിപ്പിച്ച കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഡയറക്ടറാഫീസിൽ ജോയിൻറ് ഡയറക്ടറെ നിയമിച്ചിട്ടുണ്ട്. ഇങ്ങനെ ഘട്ടംഘട്ടമായി പദ്ധതി നടപ്പിലാക്കുകയാണ്.

ശ്രീ. ആർ. സുന്ദരേശൻ നായർ: റവന്യൂ ജില്ലാടിസ്ഥാനത്തിൽ പുതുതായി തുറക്കുന്ന ഓഫീസുകളിലേക്ക് റവന്യൂ ജില്ലാ ഓഫീസറൻമാരെയാണോ അതോ വിദ്യാഭ്യാസ ജില്ലാ ഉദ്യോഗസ്ഥൻമാരെയാണോ ഡയറക്ടറായി നിക്കൂട്ടുചെയ്യാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ഡയറക്ടറായിട്ടു നിക്കൂട്ട് ചെയ്യുന്നത് വിദ്യാഭ്യാസജില്ലാ ഓഫീസറൻമാരെയാണ്.

ശ്രീ. കെ. പി. നൂറുദ്ദീൻ: എ. ഇ. ഒ. ഓഫീസുകളും പുനഃസംഘടിപ്പിക്കുമ്പോൾ അന്ന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണെന്ന് പറയാമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: അന്നു സ്വീകരിക്കുന്ന മാനദണ്ഡം ഇപ്പോഴേ പറയാൻ പറ്റുകയില്ല.

ശ്രീ. സി. എ. കുര്യൻ: മിക്കവാറും റവന്യൂ ജില്ലകളിൽ രണ്ടും മൂന്നും ഡി. ഇ. ഒ. ഓഫീസുകളും ഉണ്ട്. വിശാലമായ ഇടുക്കി ജില്ലക്ക് ഒരു ഡി. ഇ. ഒ. ഓഫീസുമാത്രമേ ഉള്ളു. അതുകൊണ്ട് ഇവിടെ പുതുതായി ഒരു ഡി. ഇ. ഒ. ഓഫീസുകൂടി തുടങ്ങാൻ പോകുന്നു എന്നു പറഞ്ഞത് എത്രത്തോളമായി?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: അങ്ങനെ ഒരു ആലോചനയുണ്ട്. ഇടുക്കി ജില്ലയിലും ഒരു ഡെപ്യൂട്ടി ഡയറക്ടരുടെ ഓഫീസ് തുറക്കാൻ തീരുമാനിച്ചിട്ടുണ്ട്. അത് എപ്പോൾ തുടങ്ങുമെന്നു പറയാൻ പറ്റുകയില്ല.

ശ്രീ. പി. ബി. ആർ. പിള്ള: ഈ പുനഃസംഘടനകൊണ്ട് എന്തുമാത്രം അഡീഷണൽ എക്സ്പെൻറിച്ചർ ഉണ്ടാകുമെന്നു പറയാമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ഈ സാമ്പത്തിക വർഷം ഏകദേശം 20 ലക്ഷം രൂപാ ചെലവു വരും. പൂർണ്ണമായി നടപ്പാക്കുകയാണെങ്കിൽ ആണ്ടിൽ ഒരു കോടിയോളം രൂപ ചെലവു വരും.

ശ്രീ. തോമസ് ജോസഫ്: വിദ്യാഭ്യാസ പുനഃസംഘടന എന്നു പറയുമ്പോൾ കുറെ ഓഫീസുകളും തുറക്കുകമാത്രമല്ല കാലത്തിനനുസരിച്ചുള്ള സിലബസും അതനുസരിച്ചുള്ള അധ്യാപകൻമാരുടെ പരിശീലനവും കൂടിയുണ്ട് എന്നുള്ളത് മനസ്സിലാക്കി അതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: അത് ഞാൻ പറഞ്ഞുകഴിഞ്ഞു. നമ്പ്യാരുടെ റെക്കമെൻറേഷനിൽ അങ്ങനെ പല കാര്യങ്ങളും ഉണ്ട്. അതെല്ലാം ഘട്ടംഘട്ടമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കരുണാകരൻ: ചില സ്ഥലങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പൂർണ്ണമായ പരാജയമുണ്ട്. ചില സ്ഥലങ്ങളിൽ നൂറു ശതമാനം വിജയവും ഉണ്ട്. എങ്കിലും ഈ പൂർണ്ണമായ പരാജയമുള്ള സ്ഥലങ്ങളിൽ എന്തെങ്കിലും പ്രത്യേകമായ സംവിധാനം ഏർപ്പെടുത്തി അവിടത്തെ സ്റ്റാൻറാർഡ് ഉയർത്താൻ റിപ്പോർട്ടിൽ വല്ല റെക്കമെൻറേഷനും ഉണ്ടോ; അതനുസരിച്ചുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: പുനഃസംഘടനയോടുകൂടി ജില്ലാ ലവലിലുള്ള ഉദ്യോഗസ്ഥൻമാർക്കും എ. ഇ. ഒ. മാർക്കും ഇത്തരം പ്രദേശങ്ങളിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കാൻ സാധിക്കും. ആ അടിസ്ഥാനത്തിൽ അധ്യയനനിലവാരം ഉയർത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: ഓരോ ഓഫീസുകളുടെയും അതിർത്തിയിൽ ഉള്ള സ്കൂളുകളുടെ എണ്ണം വർദ്ധിച്ചതുകൊണ്ട് എ.ഇ.ഒ. മാർക്ക് തക്കസമയത്ത് സ്കൂൾ പരിശോധിക്കാൻ സാധിക്കുന്നില്ല. അതു കൊണ്ട് അതിനുവേണ്ടി പ്രത്യേകമായി ഒരു ഇൻസ്പെക്ഷൻ വിംഗ് ഏർപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: പ്രത്യേകമായ ഇൻസ്പെക്ഷൻ വിംഗിൻെറ ആവശ്യമില്ല. എ.ഇ.ഒ. ഓഫീസുകളുടെ എണ്ണം വർദ്ധിപ്പിച്ച് വർക്ക്ലോഡ് കുറയ്ക്കണമെന്നാണ് ഗവൺമെൻറ് വിചാരിക്കുന്നത്. 50–75 എന്നുള്ളത് 50–60 സ്കൂളുകളാക്കി ചുരുക്കാനാണ് ആലോചിച്ചുകൊണ്ടിരിക്കുന്നത്.

റൂംസ് റിവിഷൻ കമ്മിറ്റി

*3 [5] ശ്രീ. സ്റ്റീഫൻ പാദുവ:

,, സി. പി. ഗോവിന്ദൻ നമ്പ്യാർ:

,, കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. ശങ്കരനാരായണൻതമ്പി ചെയർമാനായി ഗവൺമെൻറ് നിയമിച്ച റൂംസ് റിവിഷൻ കമ്മിറ്റി സമർപ്പിച്ച ശുപാർശകളിൽ എത്ര എണ്ണത്തിൽ അവസാന തീരുമാനം എടുത്തിട്ടുണ്ട്;

(ബി) അവയിൽ എത്ര എണ്ണം നടപ്പാക്കിക്കഴിഞ്ഞു?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ഹൗസ് ബിൽഡിംഗ് അഡ്വാൻസ് റൂംസിൽ അവസാനതീരുമാനമെടുത്തിട്ടുണ്ട്. മറ്റുള്ളവയിൽ അവസാനതീരുമാനമെടുക്കാൻവേണ്ട നടപടികളും എടുത്തുവരുന്നു.

(ബി) ഒന്ന്

LIBRARY ARCHIVES Kerala Legislative Assembly